**മധുരമായ കുട്ടികളേ – നിങ്ങളുടെ പ്രതിജ്ഞയാണ് ഏതുവരെ നമ്മൾ പാവനമാകുന്നില്ലയോ അതുവരെ ബാബയെ ഓർമ്മിച്ചുകൊണ്ടിരിക്കും ഒരു ബാബയെ മാത്രം സ്നേഹിക്കും.**

**ചോദ്യം:–** സമർത്ഥരായ കുട്ടികൾ സമയത്തെ ദർശിച്ചുകൊണ്ട് ഏതൊരു പുരുഷാർത്ഥം ചെയ്യും?
**ഉത്തരം:–** അന്തിമത്തിൽ എപ്പോഴാണോ ശരീരം ഉപേക്ഷിക്കുന്നത് അപ്പോൾ ഒരു ബാബയുടെ മാത്രം ഓർമ്മയായിരിക്കണം മറ്റൊന്നും തന്നെ വരരുത്. ഇങ്ങനെയുള്ള പുരുഷാർത്ഥം വിവേകശാലികളായ കുട്ടികൾ ഇപ്പോൾ മുതലേ ചെയ്തുകൊണ്ടിരിക്കും എന്തുകൊണ്ടെന്നാൽ കർമ്മാതീതമായി പോകണം അതിന് വേണ്ടി ഈ പഴയ തോലിൽ നിന്ന് മമത്വം ഇല്ലാതാക്കി പോകൂ, നമ്മൾ ബാബയുടെ അടുത്തേക്ക് പൊയ്ക്കൊണ്ടിരിക്കുകയാണ് അതുമാത്രമായിരിക്കണം ഉള്ളിൽ.

**ഗീതം:–** അങ്ങ് ഞങ്ങളിൽ നിന്ന് വേറിടുകയില്ല. . . . . .

**ഓം ശാന്തി**. ബാബയിരുന്ന് കുട്ടികൾക്ക് മനസ്സിലാക്കിത്തരികയാണ്, കുട്ടികൾ പരിധിയില്ലാത്ത അച്ഛനോട് പ്രതിജ്ഞ ചെയ്യുകയാണ്. ബാബാ ഞങ്ങൾ അങ്ങയുടേതായിരിക്കുന്നു, അന്തിമം വരെ ഏതുവരെ ശാന്തിധാമത്തിൽ എത്തിച്ചേരുന്നോ, അങ്ങയെ ഓർമ്മിക്കുന്നതിലൂടെ ഞങ്ങളുടെ ജന്മ–ജന്മാന്തരത്തെ പാപം ഏതൊന്നാണോ തലയിലുള്ളത്, അത് ഭസ്മമാകും. ഇതിനെത്തന്നെയാണ് യോഗാഗ്നി എന്ന് പറയുന്നത്, മറ്റൊരു ഉപായവുമില്ല. പതിത പാവനൻ അഥവാ ശ്രീ ശ്രീ 108 ജഗത്ഗുരു എന്ന് ഒരാളെ മാത്രമാണ് പറയുന്നത്. ബാബ തന്നെയാണ് ജഗത് പിതാവ്, ജഗത് ശിക്ഷകൻ, ജഗത് ഗുരു. രചനയുടെ ആദി–മദ്ധ്യ–അന്ത്യത്തിന്റെ ജ്ഞാനം ബാബ മാത്രമാണ് നൽകുന്നത്. ഇത് പതിത ലോകമാണ്, ഇതിൽ പാവനമായ ഒരാൾ പോലും ഉണ്ടായിരിക്കുക അസംഭവ്യമാണ്. പതിത–പാവനനായ ബാബ മാത്രമാണ് സ്വർഗ്ഗത്തിന്റെ സദ്ഗതി ചെയ്യുന്നത്. നിങ്ങളും ആ ബാബയുടെ മക്കളായിരിക്കുകയാണ്. ഈ ലോകത്തെ എങ്ങനെ പാവനമാക്കാം? നിങ്ങൾ പഠിച്ചുകൊണ്ടിരിക്കുകയാണ്. ശിവന്റെ മുന്നിൽ ത്രിമൂർത്തി തീർച്ചയായും വേണം. ഇതും എഴുതണം ദൈവീക രാജധാനി നിങ്ങളുടെ ജന്മസിദ്ധ അധികാരമാണ്. അതും ഇപ്പോൾ കൽപ്പത്തിന്റെ സംഗമയുഗത്തിൽ. വ്യക്തമായി എഴുതാതെ മനുഷ്യർക്ക് മനസ്സിലാക്കാൻ സാധിക്കില്ല. ഒപ്പം മറ്റൊരു കാര്യം ബി.കെ എന്ന് ഏതൊരു പേരാണോ ഉള്ളത്, അതിൽ പ്രജാപിതാവെന്ന വാക്ക് അത്യാവശ്യമാണ് എന്തുകൊണ്ടെന്നാൽ ബ്രഹ്മാവെന്ന പേരും ധാരാളം പേർക്കുണ്ട്. പ്രജാപിതാ ബ്രഹ്മാകുമാരീസ് ഈശ്വരീയ വിശ്വ– വിദ്യാലയം എന്നെഴുതണം. നിങ്ങൾക്കറിയാം കല്ലുപോലെയുള്ള ലോകത്തെ പാവനവും പവിഴവുമാക്കി മാറ്റുന്നത് ബാബ തന്നെയാണ്. ഈ സമയം ഒരാൾ പോലും പാവനമല്ല. എല്ലാവരും പരസ്പരം വഴക്കടിച്ചും, ചീത്തവിളിച്ചുമിരിക്കുകയാണ്. ബാബയെയും പറയുന്നു – മത്സ്യ–കൂർമ്മ അവതാരം. അവതാരമെന്ന് ആരെയാണ് പറയുന്നതെന്ന് പോലും മനസ്സിലാക്കുന്നില്ല. അവതാരമുണ്ടാകുന്നത് ഒരാളുടേത് മാത്രമാണ്. അതും അലൗകീക രീതിയിൽ ശരീരത്തിൽ പ്രവേശിച്ച് വിശ്വത്തെ പാവനമാക്കുകയാണ് ചെയ്യുന്നത്. മറ്റെല്ലാ ആത്മാക്കളും അവരവരുടെ ശരീരമെടുക്കുന്നു, ബാബക്ക് തന്റേതായ ശരീരമില്ല. എന്നാൽ ജ്ഞാനത്തിന്റെ സാഗരനെങ്കിൽ ജ്ഞാനമെങ്ങനെ നൽകും? ശരീരം വേണ്ടേ. ഈ കാര്യങ്ങളെ നിങ്ങളല്ലാതെ മറ്റാരും അറിയുന്നില്ല. ഗൃഹസ്ഥ വ്യവഹാരത്തിൽ കഴിഞ്ഞ് പവിത്രമാകുക – ഇത് ധൈര്യത്തിന്റെ കാര്യമാണ്. മഹാവീരൻ അർത്ഥം വീരത കാണിച്ചു. ഇതും വീരതയാണ് ഏത് കാര്യമാണോ സന്യാസിക്ക് ചെയ്യാൻ സാധിക്കാത്തത്, അത് നിങ്ങൾ ചെയ്യുന്നു. ബാബ ശ്രീമതം നൽകുകയാണ് നിങ്ങൾ ഇതുപോലെ ഗൃഹസ്ഥ വ്യവഹാരത്തിൽ കഴിഞ്ഞുകൊണ്ടും കമലപുഷ്പസമാനം പവിത്രമാകൂ അപ്പോൾ മാത്രമാണ് ഉയർന്ന പദവി നേടാൻ സാധിക്കുന്നത്. അല്ലെങ്കിൽ വിശ്വത്തിന്റെ ചക്രവർത്തീ പദം എങ്ങനെലഭിക്കും. ഇത് തന്നെയാണ് നരനിൽ നിന്ന് നാരായണനാകുന്നതിനള്ള പഠിത്തം. ഇത് പാഠശാലയാണ്. വളരെ പേർ പഠിക്കുന്നുണ്ട് അതുകൊണ്ട് എഴുതൂ – ഈശ്വരീയ വിശ്വ വിദ്യാലയം. ഇത് തീർത്തും കൃത്യമായ വാക്കാണ്. ഭാരതവാസിക്കറിയാം നമ്മൾ വിശ്വത്തിന്റെ അധികാരിയായിരുന്നു, ഇന്നലത്തെ കാര്യമാണ്. ഇപ്പോൾ വരേയും രാധാ–കൃഷ്ണൻ അഥവാ ലക്ഷ്മീ–നാരായണന്റെ ക്ഷേത്രം ഉണ്ടായിക്കൊണ്ടിരിക്കുന്നുണ്ട്. ചിലർ പിന്നീട് പതിത മനുഷ്യരുടേതും ഉണ്ടാക്കുന്നുണ്ട്. ദ്വാപരം മുതലുള്ളത് പതിത മനുഷ്യർ മാത്രമാണ്. ശിവന്റെയും ദേവതകളുടെയും ക്ഷേത്രമുണ്ടാക്കുന്നത് എവിടെക്കിടക്കുന്നു, ഈ പതിത മനുഷ്യരുടേത് എവിടെക്കിടക്കുന്നു. ഇവരാരും ദേവതയല്ല. അതുകൊണ്ട് ബാബ മനസ്സിലാക്കിത്തരികയാണ് ഈ കാര്യങ്ങളിൽ ശരിയായ രീതിയിൽ വിചാരസാഗരമഥനം ചെയ്യണം. ബാബ മനസ്സിലാക്കിത്തന്നു കൊണ്ടേയിരിക്കുന്നുണ്ട്, ദിനം–പ്രതിദിനം എഴുത്തുകളിൽ മാറ്റം വന്നു കൊണ്ടിരിക്കും, മുൻപ്

എന്തുകൊണ്ട് ഇങ്ങനെ ഉണ്ടാക്കിയില്ല ആ കാര്യമില്ല. മുൻപെന്തുകൊണ്ട് മൻമനാഭവയുടെ അർത്ഥം ഇങ്ങനെ മനസ്സിലാക്കിത്തന്നില്ല എന്ന ചോദ്യമില്ല. നോക്കൂ ആദ്യം തന്നെ ഇങ്ങനെ ഓർമ്മയുടെ യാത്രയിൽ ഇരിക്കാൻ സാധിക്കില്ല. എല്ലാകാര്യങ്ങളെയും പൂർണ്ണമായും ഗ്രഹിച്ച് പകർത്താൻ സാധിക്കുന്ന വളരെ കുറച്ച് കുട്ടികളേയുള്ളൂ. ഭാഗ്യത്തിൽ ഉയർന്ന പദവിയില്ലെങ്കിൽ ടീച്ചർക്കും എന്ത് ചെയ്യാൻ സാധിക്കും. ആശീർവ്വാദത്തിലൂടെ ഉയർന്നതാക്കും അങ്ങനെയില്ല. സ്വയത്തെ നോക്കണം ഞാൻ എങ്ങനെയാണ് സേവനം ചെയ്യുന്നത്. വിചാര സാഗര മഥനം നടക്കണം. ഗീതയുടെ ഭഗവാൻ ആരാണ്, ഈ ചിത്രം വളരെ മുഖ്യമാണ്. ഭഗവാൻ നിരാകാരനാണ്, അവർക്ക് ബ്രഹ്മാവിന്റെ ശരീരം കൂടാതെ കേൾപ്പിക്കാൻ സാധിക്കില്ല. ബ്രഹ്മാവിന്റെ ശരീരത്തിൽ സംഗമത്തിലാണ് അവർ വരുന്നത്. അല്ല എങ്കിൽ ബ്രഹ്മാ–വിഷ്ണു–ശങ്കരൻ എന്തിനാണ്. ജീവചരിത്രം വേണ്ടേ. ആരും അറിയുന്നില്ല. ബ്രഹ്മാവിനെക്കുറിച്ച് പറയാറുണ്ട് 100 കൈയുള്ള ബ്രഹ്മാവിന്റെ അടുത്ത് പോകൂ, 1000 കൈയുള്ളതിന്റെ അടുത്ത് പോകൂ. ഇതിലും ഒരു കഥ ഉണ്ടാക്കിയിട്ടുണ്ട്. പ്രജാപിതാ ബ്രഹ്മാവിന് ഇത്രയും അധികം കുട്ടികളില്ലേ. ഇവിടെ വരുന്നത് തന്നെ പവിത്രമാകാനാണ്. ജന്മ–ജന്മാന്തരം അപവിത്രമായാണ് വന്നത്. ഇപ്പോൾ പൂർണ്ണമായും പവിത്രമാകണം. ശ്രീമതം ലഭിക്കുന്നു എന്നെ മാത്രം ഓർമ്മിക്കൂ. പലർക്കും നമ്മൾ എങ്ങിനെയാണ് ഓർമ്മിക്കേണ്ടതെന്ന് ഇനിയും മനസ്സിലായിട്ടില്ല. സംശയിച്ചിരിക്കുന്നു. ബാബയുടേതായിട്ട് വികർമ്മാജീത്തായില്ലെങ്കിൽ, പാപം മുറിഞ്ഞില്ലെങ്കിൽ, ഓർമ്മയുടെ യാത്രയിൽ കഴിഞ്ഞില്ലെങ്കിൽ അവർ എന്ത് പദവി നേടും. സമർപ്പിതമാകട്ടെ എന്നാൽ പ്രയോജനം എന്താണ്. ഏതുവരെ പുണ്യാത്മാവായി മറ്റുള്ളവരെയും ആക്കുന്നില്ലയോ അതുവരെ ഉയർന്ന പദവി നേടാൻ സാധിക്കില്ല. എത്ര കുറച്ചാണോ എന്നെ ഓർമ്മിക്കുന്നത്, കുറഞ്ഞ പദവിയായിരിക്കും നേടുന്നത്. ഡബിൾ കിരീട ധാരിയായി എങ്ങനെ മാറും? പിന്നീട് നമ്പർവൈസ് പുരുഷാർത്ഥമനുസരിച്ച് വൈകി വരും. ഞാൻ എല്ലാം സമർപ്പണം ചെയ്തു അതുകൊണ്ട് ഡബിൾ കിരീടധാരിയായകും അങ്ങനെയല്ല. ആദ്യം ദാസ–ദാസിമാരായിയായി അവസാനം എന്തെങ്കിലും ലഭിക്കും. വളരെ പേർക്ക് ഈ അഹങ്കാരമുണ്ട് ഞാൻ സമർപ്പിതമാണ്. നോക്കൂ ഓർമ്മയില്ലാതെ എന്താകാൻ സാധിക്കും. ദാസ–ദാസിയാകുന്നതിനെക്കാളും ധനവാനായ പ്രജയാകുന്നതാണ് നല്ലത്. ദാസ–ദാസിമാർക്കാർക്കും കൃഷ്ണനോടൊപ്പം ഊഞ്ഞാലാടാൻ സാധിക്കില്ല. ഇത് വളരെ മനസ്സിലാക്കേണ്ട കാര്യങ്ങളാണ്, ഇതിൽ വളരെ പ്രയത്നിക്കേണ്ടതായുണ്ട്. അൽപത്തിൽ സന്തോഷിക്കരുത്. ഞാനും രാജാവാകും. അങ്ങനെയെങ്കിൽ ധാരാളം രാജാക്കൻമാരാകും. ബാബ പറയുന്നു ആദ്യം മുഖ്യമായിട്ടുള്ളത് ഓർമ്മയുടെ യാത്രയാണ്. ആരാണോ നല്ല രീതിയിൽ ഓർമ്മയുടെ യാത്രയിൽ കഴിയുന്നത്, അവർക്ക് സന്തോഷമുണ്ടായിരിക്കും. ബാബ മനസ്സിലാക്കിത്തരുന്നു ആത്മാവ് ഒരു ശരീരം ഉപേക്ഷിച്ച് അടുത്തതെടുക്കുന്നു. സത്യയുഗത്തിൽ സന്തോഷത്തോടെയാണ് ഒരു ശരീരം ഉപേക്ഷിച്ച് അടുത്തതെടുക്കുന്നത്. ഇവിടെയാണെങ്കിൽ കരയാൻ തുടങ്ങുന്നു, സത്യയുഗത്തിന്റെ കാര്യങ്ങളേ മറന്നിരിക്കുന്നു. അവിടെ ശരീരം ഇങ്ങനെയാണ് ഉപേക്ഷിക്കുനത്, ഏതുപോലെയാണോ സർപ്പത്തിന്റെ മാതൃകയില്ലേ. ഈ പഴയ ശരീരം ഇപ്പോൾ ഉപേക്ഷിക്കണം. നിങ്ങൾക്കറിയാം നമ്മൾ ആത്മാക്കളാണ്, ഈ പഴയ ശരീരം ഇപ്പോൾ ഉപേക്ഷിക്കുക തന്നെ വേണം. വിവേകശാലികളായ കുട്ടികൾ ആരാണോ ബാബയുടെ ഓർമ്മയിലിരിക്കുന്നത്, അവർ പറയും ബാബയുടെ ഓർമ്മയിൽ ശരീരം ഉപേക്ഷിക്കും, പിന്നീട് ബാബയുമായി കണ്ടുമുട്ടും. ഒരു മനുഷ്യനും എങ്ങനെ കണ്ടുമുട്ടുമെന്നറിയില്ല. നിങ്ങൾ കുട്ടികൾക്ക് വഴി ലഭിച്ചിരിക്കുന്നു. ഇപ്പോൾ പുരുഷാർത്ഥം ചെയ്തുകൊണ്ടിരിക്കുന്നു, ജീവിച്ചിരിക്കെ മരിച്ചിരിക്കുന്നു എന്നാൽ ആത്മാവും പവിത്രമാകേണ്ടേ. പവിത്രമായി പിന്നീട് ഈ പഴയ ശരീരം ഉപേക്ഷിക്കണം. മനസ്സിലാക്കുന്നു എവിടെ കർമ്മാതീത അവസ്ഥ ഉണ്ടാകുന്നോ അപ്പോഴേ പഴയ ശരീരം വിടൂ എന്നാൽ കർമ്മാതീത അവസ്ഥ ഉണ്ടായാൽ ശരീരം തനിയെ വിടും. ഞാൻ ബാബയുടെ അടുത്തേക്ക് പോകും അതുമാത്രമായിരിക്കും. ഈ പഴയ ശരീരത്തോട് വെറുപ്പ് വരുന്നത് പോലെയായിരിക്കും. സർപ്പത്തിന് പഴയ തോലിനോട് വെറുപ്പ് ഉണ്ടായിട്ടുണ്ടാവില്ലേ. നിങ്ങളുടെ പുതിയ തോൽ തയ്യാറായിക്കൊണ്ടിരിക്കുകയാണ്. എന്നാൽ എപ്പോഴാണോ കർമ്മാതീത അവസ്ഥ ഉണ്ടാകുന്നത്, അന്തിമത്തിൽ നിങ്ങളുടെ അവസ്ഥ ഇങ്ങനെയായിരിക്കും. ഇപ്പോൾ നമ്മൾ പോകുകയാണ് അത്രമാത്രം. യുദ്ധത്തിന്റെയും പൂർണ്ണമായ തയ്യാറെടുപ്പ് ഉണ്ടാകും. വിനാശത്തിന്റെ മുഴുവൻ ആധാരവും നിങ്ങളുടെ കർമ്മാതീത അവസ്ഥ ഉണ്ടാകുന്നതിലാണ്. അന്തിമത്തിൽ കർമ്മാതീത അവസ്ഥയിൽ നമ്പർ വൈസായി എല്ലാവരും എത്തിച്ചേരും. എത്ര നേട്ടമാണ്. നിങ്ങൾ വിശ്വത്തിന്റെ അധികാരിയാകുന്നുവെങ്കിൽ എത്ര ബാബയെ ഓർമ്മിക്കണം. നിങ്ങൾ കാണും ഇങ്ങനെയുള്ളവരും വരും അവർ ഇരിക്കുമ്പോഴും–എഴുന്നേൽക്കുമ്പോഴും സദാ ബാബയെ ഓർമ്മിച്ചുകൊണ്ടേയിരിക്കും. മരണം മുന്നിൽ നിൽക്കുന്നുണ്ട്. ഇപ്പോൾ യുദ്ധം തുടങ്ങും എന്ന രീതിയിൽ ഇങ്ങനെയാണ് പത്രങ്ങളിൽ കാണിക്കുന്നത്. വലിയ യുദ്ധം തുടങ്ങിയാൽ ബോംബുകൾ വീഴും. സമയമെടുക്കില്ല. ബുദ്ധിയുള്ള കുട്ടികൾ മനസ്സിലാക്കുന്നുണ്ട്, വിവേകരഹിതർ ആരാണോ, ഒന്നും മനസ്സിലാക്കുന്നില്ല. അൽപം പോലും ധാരണ ഉണ്ടാകുന്നില്ല. ശരിയാണ്, ശരിയാണ്.. എന്ന് പറഞ്ഞു കൊണ്ടിരിക്കുന്നുണ്ട്, ഒന്നും തന്നെ മനസ്സിലാക്കുന്നില്ല

അവസാനം വളരെ വളരെ പശ്ചാത്തപിക്കും. ബാബ സാക്ഷാത്ക്കാരവും ചെയ്യിപ്പിക്കും. ഇന്ന-ഇന്ന പാപങ്ങൾ ചെയ്തിട്ടുണ്ട്. ഇപ്പോൾ ശിക്ഷ അനുഭവിച്ചോളൂ. പദവിയും നോക്കൂ. ആദിയിലും ഇങ്ങനെ സാക്ഷാത്ക്കാരം ചെയ്യിച്ചിരുന്നു ഇനി അന്ത്യത്തിലും സാക്ഷാത്ക്കാരം ചെയ്യും.

ബാബ പറയുന്നു തന്റെ വില നഷ്ടപ്പെടുത്തരുത്. പഠിത്തത്തിൽ മുഴുകുന്നതിന്റെ പുരുഷാർത്ഥം ചെയ്യൂ. സ്വയത്തെ ആത്മാവെന്ന് മനസ്സിലാക്കി എന്നെ മാത്രം ഓർമ്മിക്കൂ. ബാബ തന്നെയാണ് പതിത-പാവനൻ. ലോകത്തിൽ ഒരു പതിത-പാവനനുമില്ല. ശിവഭഗവാനുവാചാ, പറയുകയാണ് സർവ്വരുടെയും സദ്ഗതി ദാതാവ് പതിത-പാവനൻ ഒരാളാണ്. അവരെത്തന്നെയാണ് എല്ലാവരും ഓർമ്മിക്കുന്നത്. എന്നാൽ എപ്പോഴാണോ സ്വയത്തെ ആത്മാ ബിന്ദുവെന്ന് മനസ്സിലാക്കുന്നത് അപ്പോഴേ ബാബയുടെ ഓർമ്മ വരൂ. നിങ്ങൾക്കറിയാം നമ്മുടെ ആത്മാവിൽ 84 ജന്മങ്ങളുടെ പാർട്ട് അടങ്ങിയിട്ടുണ്ട്, അതൊരിക്കലും നശിച്ച് പോകില്ല. ഇത് മനസ്സിലാക്കുക ചിറ്റമ്മയുടെ വീട്ടിൽ പോകലല്ല, മറന്നു പോകുന്നു അതുകൊണ്ടാണ് ആർക്കും മനസ്സിലാക്കിക്കൊടുക്കാൻ സാധിക്കാത്തത്. ദേഹ-അഭിമാനം തീർത്തും എല്ലാവരെയും കൊന്നിരിക്കുന്നു. ഇത് മൃത്യു ലോകമായിരിക്കുന്നു. എല്ലാവരും അകാലത്തിൽ മരിച്ചുകൊണ്ടിരിക്കുന്നു. ഏതുപോലെയാണോ മൃഗങ്ങളും-പക്ഷികളും മരിക്കുന്നത് അതുപോലെ മനുഷ്യരും മരിക്കുന്നു, വ്യത്യാസം ഒന്നും തന്നെയില്ല. ലക്ഷ്മീ-നാരായണൻ അമരലോകത്തിന്റെ അധികാരിയല്ലേ. അവിടെ അകാല മൃത്യു ഉണ്ടാകില്ല. ദുഃഖം തന്നെയില്ല. ഇവിടെയാണെങ്കിൽ ദുഃഖമുണ്ടാകുകയാണെങ്കിൽ പോയി മരിക്കുന്നു. അകാല മൃത്യു സ്വയം തന്നെ കൊണ്ടുവരുന്നു, ഈ ലക്ഷ്യം വളരെ ഉയർന്നതാണ്. ഒരിക്കലും ക്രിമിനൽ ദൃഷ്ടിയാകരുത്, ഇതിൽ പ്രയത്നമുണ്ട്. ഇത്രയും ഉയർന്ന പദവി നേടുക ചിറ്റമ്മയുടെ വീട്ടിൽ പോകലല്ല. ധൈര്യം വേണം. അല്ലെങ്കിൽ ചെറിയ കാര്യത്തിൽ തന്നെ പേടിക്കുന്നു. ഏതെങ്കിലും ദുഷ്ടൻ കടന്ന് കൂടി കൈ വെക്കുകയാണെങ്കിൽ വടിയെടുത്ത് ഓടിക്കണം. ഭീരുവാകരുത്. ശിവശക്തി പാണ്ഡവ സേനയെന്നല്ലേ പാടിയിട്ടുള്ളത്. അവരാണ് സ്വർഗ്ഗത്തിന്റെ വാതിൽ തുറക്കുന്നത്. പേര് പ്രശസ്തമാണെങ്കിൽ പിന്നീട് അതുപോലെയുള്ള ധൈര്യവും വേണം. എപ്പോൾ സർവ്വശക്തിവാനായ ബാബയുടെ ഓർമ്മയിലിരിക്കുന്നോ അപ്പോൾ ആ ശക്തി പ്രവേശിക്കും. സ്വയത്തെ ആത്മാവെന്ന് മനസ്സിലാക്കി ബാബയെ ഓർമ്മിക്കണം, ഈ യോഗാഗ്നിയിലൂടെ തന്നെ വികർമ്മം വിനാശമാകും പിന്നീട് വികർമ്മാജീത്ത് രാജാവായിത്തീരും. പരിശ്രമം ഓർമ്മയുടേതാണ്, ആര് ചെയ്യുന്നോ അവർ നേടും. മറ്റുള്ളവരെയും ജാഗ്രതപ്പെടുത്തണം. ഓർമ്മയുടെ യാത്രയിലൂടെ മാത്രമാണ് തോണി അക്കരെയെത്തുക. പഠിത്തത്തെ ഓർമ്മയെന്ന് പറയില്ല. അവരുടേതാണ് ഭൗതീക യാത്ര, ഇതാണ് ആത്മീയ യാത്ര, നേരിട്ട് ശാന്തിധാമത്തിലേക്ക് തന്റെ വീട്ടിലേക്ക് പോകും. ബാബയും വീട്ടിലാണ് വസിക്കുന്നത്. എന്നെ ഓർമ്മിച്ചോർമ്മിച്ച് നിങ്ങൾ വീട്ടിൽ എത്തിച്ചേരും. ഇവിടെ എല്ലാവർക്കും പാർട്ടഭിനയിക്കണം. അവിനാശി നാടകം നടന്നുകൊണ്ടേയിരിക്കുന്നു. കുട്ടികൾക്ക് മനസ്സിലാക്കിത്തരുന്നു ഒന്ന് ബാബയുടെ ഓർമ്മയിലിരിക്കൂ അതുപോലെ പവിത്രമാകൂ, ദൈവീക ഗുണം ധാരണ ചെയ്യൂ ഒപ്പം എത്രത്തോളം സേവനം ചെയ്യുന്നോ അത്രയും ഉയർന്ന പദവി നേടും. മംഗളകാരിയായി തീർച്ചയായും മാറണം. ശരി!

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

**ധാരണക്കുള്ള മുഖ്യ സാരം:-**

1) സദാ ഓർമ്മയുണ്ടായിരിക്കണം സർവ്വശക്തിവാനായ ബാബ നമ്മുടെ കൂടെയുണ്ട്, ഈ സ്മൃതിയിലൂടെ ശക്തി പ്രവേശിക്കും, വികർമ്മം ഭസ്മമാകും. ശിവശക്തി പാണ്ഡവ സേനയെന്നാണ് പേര്, എങ്കിൽ ധൈര്യം കാണിക്കണം, ഭീരുവാകരുത്.

2) ജീവിച്ചിരിക്കെ മരിച്ചതിന് ശേഷം ഈ അഹങ്കാരം വരരുത് ഞാൻ സമർപ്പണമാണ്. സമർപ്പണം ചെയ്ത് പുണ്യ ആത്മാവായി മറ്റുള്ളവരെയും ആക്കണം, ഇതിൽ മാത്രമാണ് നേട്ടമുള്ളത്.

## വരദാനം- നിർവിഘ്നസ്ഥിതിയിലൂടെ സ്വയത്തിന്റെ ഫൗണ്ടേഷൻ ഉറച്ചതാക്കി പദവിയോടെ പാസാകുന്നവരായി ഭവിക്കട്ടെ.

ഏത് കുട്ടികളാണോ വളരെക്കാലമായി നിർവിഘ്നസ്ഥിതി അനുഭവം ചെയ്യുന്നത് അവരുടെ ഫൗണ്ടേ

ഷൻ ഉറച്ചതായതുകാരണം സ്വയം ശക്തിശാലിയായി ഇരിക്കുകയും മറ്റുള്ളവരെക്കൂടി ശക്തിശാലികളാക്കി മാറ്റുകയും ചെയ്യുന്നു. ദീർഘകാലത്തെ ശക്തിശാലി നിർവിഘ്ന ആത്മാവ് അന്തിമത്തിൽ നിർവിഘ്നമായി പദവിയോടെ പാസാകുന്നു അഥവാ ഒന്നാമതെത്തുന്നു. അതിനാൽ ദീർഘകാലത്തെ നിർവിഘ്നസ്ഥിതിയുടെ അനുഭവം തീർച്ചയായും ഉണ്ടാക്കേണ്ടതുണ്ട് എന്ന ലക്ഷ്യം സദാ ഉണ്ടായിരിക്കണം.

**സ്ലോഗൻ– ഓരോ ആത്മാവിനെ പ്രതിയും സദാ ഉപകാരം അഥവാ ശുഭകാമന വെക്കുകയാണെങ്കിൽ ആശീർവാദങ്ങൾ സ്വതവേ പ്രാപ്തമായിക്കൊണ്ടിരിക്കും.**

**അവ്യക്തസൂചന– ഇപ്പോൾ സ്നേഹത്തിന്റെ അഗ്നിയെ ജ്വലിപ്പിച്ച് യോഗത്തെ ജ്വാലാസ്വരൂപമാക്കി മാറ്റൂ.** യോഗമെന്നാൽ ശാന്തിയുടെ ശക്തി എന്നാണർത്ഥം. ശാന്തിയുടെ ശക്തി വളരെ സഹജമായി സ്വയത്തെയും മറ്റുള്ളവരെയും പരിവർത്തനപ്പെടുത്തുന്നു. ഇതിലൂടെ വ്യക്തികൾമാറുന്നു പ്രകൃതിയിലും മാറ്റങ്ങൾ ഉണ്ടാകുന്നു. വ്യക്തികൾക്ക് കോഴ്സ് പറഞ്ഞുകൊടുക്കുന്നുണ്ട് പക്ഷേ പ്രകൃതിയെ മാറ്റാനായി ശാന്തിയുടെ ശക്തി അഥവാ യോഗബലം ആവശ്യമാണ്.